# എല്ലുപൊടി ഫാക്ടറിക്കെതിരെ ഒരു ഉശിരൻ സമരം

**മൈത്രിപ്രസാദ്**

ഒത്തുതീർപ്പുകളും അനുരഞ്ജനചർച്ചകളുമാണ് കേരളത്തിലെ ജനകീയ സമരങ്ങളുടെ മുഖമുദ്ര. അതിനൊരപവാദമാകുകയാണ് മാളൂട്ടം നിവാസികൾ എല്ലുപൊടി ഫാക്ടറിക്കെതിരെ കഴിഞ്ഞ 85 ദിവസങ്ങളായി നടത്തുന്ന സമരം. ഇതിനിടയിൽ ജൂലൈ 10ന് വെടിവെയ്പ്പ് നടന്നു. തിരുവോണനാളിൽ ഫാക്ടറി കത്തിനശിക്കുകയും ചെയ്തു.

"പച്ച എല്ലും മാംസക്കഷ്ണങ്ങളും അഴുകുന്ന ദുസ്സഹഗന്ധം കാരണം ബസ്സുകൾ പോലും ഇതിലേ മൂക്കുംപൊത്തി ഓടുന്നു" സമരത്തിനു നേതൃത്വം നൽകുന്ന ശാന്തമ്മടീച്ചർ പറയുകയാണ്. പത്തനംതിട്ടജില്ലയിൽ ഏഴംകുളം ഗ്രാമപഞ്ചായത്തിലുള്ള മാളൂട്ടത്ത് ബസ്സുകൾ നിർത്താൻ തുടങ്ങിയിട്ട് രണ്ടുമാസമാകുന്നതേയുള്ളൂ. ഫാക്ടറി അടച്ചുപൂട്ടാൻ അടൂർ സബ് കലക്ടർ ഉത്തരവിട്ടിരുന്നു.

ഇന്ന്, മാളൂട്ടത്ത് ബസ്സു നിർത്തുമ്പോൾ യാത്രക്കാർ കൗതുകത്തോടെ നോക്കുന്നത് സമരപ്പന്തലിനു മുമ്പിലുള്ള വർണ്ണപ്പൂക്കളത്തിലേയ്ക്കാണ്. എല്ലും കൊമ്പും കൊണ്ടുള്ള പൂക്കളും. തലയോട്ടികളുടെ തോരണം. സമരം ഉഷാറാണ്.

1987ലാണ് ടി.എസ്.എ. ബോൺമീൽ ഇൻഡസ്ട്രീസ് മാളൂട്ടത്ത് ആരംഭിക്കുന്നത്. തീപ്പെട്ടിക്കമ്പനിയാണ്, സോപ്പുകമ്പനിയാണ് എന്നൊക്കെ നാട്ടുകാരെ ധരിപ്പിച്ച് തുടങ്ങിയ ഫാക്ടറി നാറ്റത്തിന്റെയും രോഗത്തിന്റെയും ഫാക്ടറിയായത് വളരെ പെട്ടെന്നാണ്. മലിനീകരണനിയന്ത്രണബോർഡിനും ആരോഗ്യവകുപ്പിനും പരാതിയയച്ചു മടുത്ത നാട്ടുകാർ 1997ലാണ് ആദ്യമായി സമരപാതയിലേയ്ക്ക് നീങ്ങിയത്. അന്ന് ഡി.വൈ.എഫ്.ഐ.യുടെ നേതൃത്വത്തിലായിരുന്നു സമരം എന്ന് നാട്ടുകാർ പറയുന്നു.

വാട(നാറ്റം) കുറയ്ക്കാം എന്ന കരാറിൽ അന്ന് സമരം ഒത്തുതീർപ്പായി. പക്ഷെ പിറ്റേന്നുമുതൽ വാട ഇരട്ടിയായി - ഇപ്പോൾ സമരത്തിനു ചുക്കാൻ പിടിക്കുന്ന മാളൂട്ടം പൗരസമിതിയുടെ പ്രസിഡന്റ് ഡാനിയേൽ പറയുന്നു.

ഫാക്ടറിയിൽനിന്നും 5 കിലോമീറ്റർ അകലെയുള്ള പ്രദേശങ്ങളിൽ വരെ നാറ്റം എത്താറുണ്ട്. സോപ്പുനിർമ്മാണത്തിനുള്ള അസംസ്കൃതവസ്തുവായ മൃഗക്കൊഴുപ്പു വേർതിരിച്ചു കഴിഞ്ഞ് അവശിഷ്ടങ്ങൾ ഒഴുക്കിവിടുന്നത് താഴെയുള്ള തോട്ടിലേയ്ക്കാണ്. ചുറ്റുവട്ടത്ത് ആസ്ത്മാരോഗികൾ പെരുകുന്നു. തൊട്ടടുത്തുള്ള അംഗൻവാടിയിലെ കുട്ടികൾക്കെല്ലാം ചൊറിയും ചിരങ്ങും.

ഇവിടുത്തെ കിണറുകൾ തേകിയാൽ എല്ലിൻകൂമ്പാരങ്ങൾ കിട്ടും. കാക്കകളും പട്ടികളും കൊണ്ടിടുന്നതാണ്. കിണറ്റുവെള്ളം തിളപ്പിച്ചിട്ട് അല്പനേരം കഴിയുമ്പോൾ കൊഴുപ്പിന്റെ പാട മുകളിലടിയും. അയ്യം (തൊടി) നിറയെ പട്ടികൾ പെറ്റുകൂട്ടി പെരുകുന്നു. ദുരിതങ്ങളിങ്ങനെ പലതാണ്.



എല്ലുപൊടി ഫാക്ടറിയുടെയൊപ്പം ഒരു ക്രഷർ യൂണിറ്റും പ്രവർത്തിക്കുന്നു. അതുകൊണ്ടുള്ള പരിസരമലിനീകരണം വേറെ.

തൊഴിലാളികളെല്ലാവരും തമിഴരാണ്. നാറ്റം സഹിക്കാതെ ജോലിയുപേക്ഷിച്ചുപോകുന്നവർക്ക് പകരം ആളു വന്നുകൊണ്ടേയിരിക്കുന്നു. ഏകദേശം ആറു പേരെങ്കിലും ഇക്കഴിഞ്ഞ വർഷങ്ങളിൽ ഫാക്ടറിക്കുള്ളിൽ വെച്ച് മരണപ്പെട്ടിട്ടുണ്ട്. എല്ലാ തൊഴിലാളികളും ആസ്ത്മാരോഗികളോ ചൊറിയും ചിരങ്ങും പിടിച്ചവരോ ആണ്. കുഞ്ഞുങ്ങളെക്കൊണ്ടും പണിയെടുപ്പിക്കുന്നുണ്ടെന്ന് നാട്ടുകാർ പറയുന്നു. എല്ലുപൊടി ഫാക്ടറിയിൽ 8 തൊഴിലാളികളെ മാത്രമേ പണിയെടുപ്പിക്കാൻ അനുമതിയുള്ളൂ. പക്ഷെ, ഇരുപത്തിയഞ്ചോളം പേരിവിടെ പണിയെടുക്കുന്നു. മാസശമ്പളം വെറും 900 രൂപ.

ഇക്കഴിഞ്ഞ ജൂൺ 22നാണ് അനിശ്ചിതകാല നിരാഹാരസമരം ആരംഭിക്കുന്നത്. ഫാക്ടറിയിലേയ്ക്ക് അറവുശാലകളിൽ നിന്നുള്ള എല്ലുമായി വരുന്ന ലോറികൾ നാട്ടുകാർ തടയാൻ തുടങ്ങിയപ്പോൾ ഫാക്ടറി നടത്താൻ പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ഫാക്ടറിയുടമ ഹൈക്കോടതിയിൽ കേസ്സു കൊടുത്തു. ഹൈക്കോടതി വിധിപ്രകാരം ഫാക്ടറി പ്രവർത്തിപ്പിക്കാൻ തയ്യാറെടുത്തുവന്ന പോലീസും നാട്ടുകാരും തമ്മിലുണ്ടായ സംഘട്ടനം വെടിവെയ്പ്പിലാണ് കലാശിച്ചത്. അന്ന് പോലീസ് പന്തലിനകത്തുകയറി സ്ത്രീകളുൾപ്പെടെ 14 പേരെ മർദ്ദിച്ചവശരാക്കി. ആകാശത്തോട്ടുള്ള വെടിവെയ്പ്പായതിനാൽ ആളപായമില്ല.

മറ്റൊരു രസകരമായ സംഭവവും അന്നു നടന്നു. ഫാക്ടറിക്കുള്ളിൽ കിടന്ന ലോറിക്കു തീപിടിച്ചു എന്ന് ഫാക്ടറിയുടമ വിളിച്ചുപറഞ്ഞതിൻപ്രകാരം ഫയർഫോഴ്സ് വന്നപ്പോൾ തീയില്ല. ഫയർഫോഴ്സുകാർ പോകാനൊരുങ്ങിയപ്പോൾ എവിടെനിന്നെന്നറിയാതെ തീയുണ്ടാവുകയും ചെയ്തു. ഫയർഫോഴ്സുകാർ സത്യസന്ധമായി റിപ്പോർട്ടെഴുതുകയും ചെയ്തുവത്രേ.

ആറേഴുദിവസം വീതം ഓരോരുത്തർ മാറിമാറി നിരാഹാരം കിടക്കുകയാണ് മാളൂട്ടത്തുകാരുടെ രീതി. അവശരാകുന്നവരെ പോലീസ് അറസ്റ്റുചെയ്യുന്നു. വെടിവെയ്പ്പുകഴിഞ്ഞ് സ്ഥലം മാറിവന്ന സർക്കിൾ ഇൻസ്പെക്ടർ 10 ദിവസത്തിനുള്ളിൽ സമരം ഒത്തുതീർപ്പാക്കും എന്ന ദൃഢനിശ്ചയത്തിലാണ്. കണ്ടാലറിയാവുന്ന 1000 പേർക്കെതിരെ, 500 പേർക്കെതിരെ എന്നിങ്ങനെയാണ് കേസ്സുകളുടെ രീതി.

99 ഏപ്രിൽമാസത്തിൽ പഞ്ചായത്ത് ഫാക്ടറിക്കുള്ള ലൈസൻസ് റദ്ദാക്കി. അതിനെതിരെ ഫാക്ടറിയുടമ ഷാഹുൽഹമീദ് കൊടുത്ത കേസ്സ് ഹൈക്കോടതിയിൽ നിലവിലുണ്ട്. സമരം പകുതിയായപ്പോൾ മലിനീകരണനിയന്ത്രണബോർഡിന്റെ ജലമലിനീകരണം സംബന്ധിച്ച സർട്ടിഫിക്കറ്റും ഫാക്ടറിക്ക് നഷ്ടമായി. നേരത്തേ തന്നെ വായുമലിനീകരണത്തിനുള്ള സർട്ടിഫിക്കറ്റ് ഫാക്ടറിക്കില്ലായിരുന്നു.

## "ജനങ്ങളാണ് ഇവിടെ കോടതി"

ഉത്രാടത്തലേന്ന് ഫാക്ടറിവളപ്പിലുണ്ടായ അഗ്നിബാധയെക്കുറിച്ചന്വേഷിക്കാൻ വന്ന സ്ഥലം എസ്.ഐ.യുമായി ചെറുപ്പക്കാർ നടത്തിയ സൗഹൃദ - വാക്കേറ്റത്തിൽ ഒരു പതിനാറുകാരൻ പറയുകയാണ്. "കറിച്ചിയിൽ ഒരാളു മരിച്ചപ്പോൾ 11 കെ.വി. ലൈൻ വഴിമാറിപ്പോയല്ലോ. ഇവിടെ 12 പേരുണ്ടാവും. തിരുവോണത്തിനു പട്ടിണി കിടക്കാൻ ഞങ്ങളില്ല"

തിരുവോണത്തിന് ഫാക്ടറിയിൽ വീണ്ടും പടർന്ന തീയിൽ ഓഫീസറടക്കം ഫാക്ടറിക്കെട്ടിടങ്ങളെല്ലാം തകർന്നു. നാട്ടുകാരുടെ എതിർപ്പുകാരണം ഫയർഫോഴ്സിനുപോലും അകത്തുപ്രവേശിക്കാൻ കഴിയുന്നില്ല. എല്ലുപൊടി സ്റ്റോക്കുചെയ്യുന്ന ഗോഡൗണിൽ തീയണഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ എല്ലു സ്റ്റോക്കുചെയ്യാനുള്ള അനുമതിയും ഫാക്ടറിക്കില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. അഗ്നിബാധയിൽ തങ്ങൾക്ക് യാതൊരു പങ്കുമില്ല എന്ന് പൗരസമിതി വ്യക്തമാക്കിയിട്ടുണ്ട്.

ഫാക്ടറി അടച്ചുപൂട്ടി. അവിടെ സൂക്ഷിച്ചിരുന്ന എല്ലുകൾ ജൂലൈ 31നു മുമ്പ് നീക്കം ചെയ്യണമെന്ന് അടൂർ ആർ.ഡി.ഒ. ഉത്തരവിട്ടിരുന്നു. ഇതുവരെ പത്തുലോഡ് പച്ച എല്ലു മാത്രമേ മാറ്റിയിട്ടുള്ളൂ. ഇനിയും 30 ലോഡെങ്കിലും ഫാക്ടറിക്കുള്ളിലുണ്ടാകുമെന്ന് നാട്ടുകാർ കണക്കുകൂട്ടുന്നു. "ഞങ്ങളൊറ്റക്കെട്ടാണ്, ഫാക്ടറിക്കെതിരെ. ഇവിടെ പാർട്ടിയൊന്നുമില്ല. പുകവലി നിരോധിക്കുന്ന കൂട്ടർ ഈ നാറ്റം എന്തേ അറിയാത്തത്?" സി.പി.എം. പ്രവർത്തകൻ എന്നു സ്വയം പരിചയപ്പെടുത്തുന്ന ശ്രീകാന്ത് ചോദിക്കുന്നു.